| 05–09–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബന്‍ |
|---|---|---|---|---|

**മധുരമായ കുട്ടികളെ– സത്യമായ സംഗം ഒന്നുമാത്രമാണ് ഇതിലൂടെ നിങ്ങളുടെ സദ്ഗതി ഉണ്ടാകുന്നു, ആത്മാവ് പാവനമായി മാറുന്നു, ബാക്കിയെല്ലാം കുസംഗങ്ങളാണ്, അതിനാലാണ് പറയുന്നത്– സത്സംഗം നക്ഷത്രസമാനമാക്കും കുസംഗം മുക്കിക്കളയും.**

**ചോദ്യം–** ബാബയുടെ ഏതൊരു കര്‍ത്തവ്യമാണ് ഒരു ധര്‍മ്മസ്ഥാപകനും ചെയ്യാന്‍ കഴിയാത്തത്?
**ഉത്തരം–** ബാബയുടെ കര്‍ത്തവ്യമാണ് എല്ലാവരേയും പതിതത്തില്‍ നിന്നും പാവനമാക്കി മാറ്റി തിരിച്ച് വീട്ടിലേയ്ക്ക് കൊണ്ടുപോവുക. അച്ഛന്‍ വരുന്നത്– എല്ലാവരേയും ഈ ശരീരത്തില്‍ നിന്നും മുക്തമാക്കുന്നതിനാണ് അതായത് മരണം നല്‍കുന്നതിന്. ഈ ജോലി ഒരു ധര്‍മ്മസ്ഥാപകനും ചെയ്യാന്‍ കഴിയില്ല. അവരുടെ പിന്നാലെ അവരുടെ ധര്‍മ്മത്തിലുള്ള പാവന ആത്മാക്കള്‍ മുകളില്‍ നിന്നും താഴേയ്ക്ക് വരുന്നു പിന്നെ തങ്ങളുടെ പാര്‍ട്ട് അഭിനയിച്ച് പാവനത്തില്‍ നിന്നും പതിതമായിത്തീരുന്നു.

**ഗീതം–** ഉണരൂ പ്രിയതമകളേ ഉണരൂ........

**ഓംശാന്തി.** കുട്ടികള്‍ ഗീതം കേട്ടുവല്ലോ. ആരാണ് കേള്‍പ്പിച്ചത്? എല്ലാവരും പ്രിയതമകളാണ് അവരെ ഭക്തര്‍ എന്നു പറയുന്നു. ഭഗവാന്‍ ഒന്നേയുള്ളു, ആ ഭഗവാനെയാണ് എല്ലാ ഭക്തരും ഓര്‍മ്മിക്കുന്നത്. അതുകൊണ്ട് ഭഗവാനെയാണ് പ്രിയതമന്‍ എന്നു പറയുന്നത്. ഭക്തര്‍ എന്നു പറയുമ്പോള്‍ അതില്‍ സ്ത്രീ പുരുഷന്‍ രണ്ടുകൂട്ടരും വരുന്നു. എങ്കില്‍ എല്ലാവരും സീതമാരായില്ലേ. രാമന്‍ ഒന്നേയുള്ളു. ഭക്തര്‍ അനേകമുണ്ട് ഭഗവാന്‍ ഒന്നേയുള്ളു. ആ ഭഗവാനെയാണ് പരമപിതാവ് എന്നു പറയുന്നത്. ലൗകിക പിതാവിനെ പരമപിതാവ് എന്നു പറയുകയില്ല. അത് ലൗകിക ശരീരം നല്‍കിയ പിതാവാണ്. പരമപിതാവ് പരമധാമത്തില്‍ വസിക്കുന്ന സര്‍വ്വാത്മാക്കളുടേയും പിതാവാണ്. സര്‍വ്വ മനുഷ്യര്‍ക്കും രണ്ട് അച്ഛന്മാരുണ്ട്– ഒന്ന് ലൗകിക പിതാവ്, രണ്ടാമത് പാരലൗകിക പിതാവ്. ലൗകിക പിതാവ് ജന്മങ്ങള്‍ തോറും മാറിക്കൊണ്ടിരിക്കും. ഓരോ ജന്മങ്ങളിലും വേറെ വേറെ അച്ഛന്മാരായിരിക്കും. നിങ്ങള്‍ ചിന്തിക്കൂ എത്ര ജന്മങ്ങള്‍ എടുത്തിട്ടുണ്ടാകും എത്ര അച്ഛന്മാരെ ലഭിച്ചിട്ടുണ്ടാകും? (84) അതെ, 84 ജന്മങ്ങളില്‍ 84 അച്ഛനേയും 84 അമ്മയേയും ലഭിക്കും. ഓരോ ജന്മത്തിലും ഒരേയൊരു ലൗകിക മാതാവും ഒരേയൊരു ലൗകിക പിതാവുമാണ് ഉണ്ടാവുക. രണ്ടാമത്തെ അച്ഛനാണ് പരമപിതാ പരമാത്മാവ്. പക്ഷേ സത്യയുഗത്തില്‍ ഒരിയ്ക്കലും അല്ലയോ ഈശ്വരീയ പിതാവേ എന്ന് വിളിച്ച് ഓര്‍മ്മിക്കില്ല. അല്ലയോ പരമപിതാ പരമാത്മാവേ ദയകാണിക്കൂ– ഇങ്ങനെ ഒരിയ്ക്കലും പറയില്ല അതിനാലാണ് മനസ്സിലാക്കിത്തരുന്നത് സത്യ ത്രേതായുഗങ്ങളില്‍ ഒരേ ഒരു അച്ഛനേയുണ്ടാകൂ. പിന്നീട് ദ്വാപര കലിയുഗങ്ങളില്‍, ഇതിനെ ഭക്തിമാര്‍ഗ്ഗം എന്നു പറയുന്നു– അപ്പോള്‍ എല്ലാവര്‍ക്കും രണ്ട് അച്ഛന്മാരുണ്ടാകും. സ്ത്രീക്കും പുരുഷനും എല്ലാവര്‍ക്കും രണ്ട് അച്ഛന്മാരുണ്ടാകും. പാരലൗകിക പിതാവിനെ ഓര്‍മ്മിക്കുന്നു എന്തുകൊണ്ടെന്നാല്‍ ഇത് ദുഃഖധാമമാണ്. ദുഃഖധാമത്തില്‍ രണ്ട് അച്ഛന്മാരും സുഖധാമത്തില്‍ ഒരച്ഛനുമായിരിക്കും. ഇവിടെ ഒന്ന് ലൗകിക പിതാവ് പിന്നെ രണ്ടാമത് എല്ലാവരുടേയും ദുഃഖത്തെ നിവാരണം ചെയ്യുന്ന അച്ഛന്‍. ഈ ദുഃഖത്തില്‍ നിന്നും മോചിപ്പിക്കൂ, ദയകാണിക്കൂ എന്ന് പറഞ്ഞ് എല്ലാവരും ഓര്‍മ്മിക്കുന്നത് ആ അച്ഛനേയാണ്. അരകല്പം ദുഃഖധാമമാണ് അരകല്പം സുഖധാമവും. സത്യയുഗമാണ് പുതിയയുഗം, കലിയുഗമാണ് പഴയയുഗം. അച്ഛന്‍ പറയുന്നു ഇപ്പോള്‍ നമ്മള്‍ സത്യയുഗം പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. കലിയുഗമാകുന്ന പഴയ ലോകത്തിന്റെ വിനാശമുണ്ടാകണം. കലിയുഗത്തിനുശേഷം വീണ്ടും സത്യയുഗം വരണം. കലിയുഗത്തിന്റെ അന്ത്യം, സത്യയുഗത്തിന്റെ ആരംഭം ഇതിനെയാണ് കല്പത്തിലെ സംഗമയുഗം എന്നു പറയുന്നത്. ഇത് കല്യാണകാരിയായ യുഗമാണ് എന്തെന്നാല്‍ ഇവിടെ പതിതത്തില്‍ നിന്നും പാവനമായിത്തീരണം. കലിയുഗത്തില്‍ പതിത മനുഷ്യരാണ് സത്യയുഗത്തില്‍ പാവന ദേവതകളും. ബാബ മനസ്സിലാക്കിത്തരുകയാണ് ഇത് ആസുരീയ രാവണ സമ്പ്രദായമാണ്. എല്ലാവരുടേയും ഉള്ളില്‍ 5 വികാരങ്ങള്‍ പ്രവേശിച്ചിരിക്കുകയാണ്. അതിനാല്‍ രാവണന്‍ സര്‍വ്വവ്യാപിയാണ് എന്നാണ് പറയേണ്ടത്, ഭഗവാന്‍ സര്‍വ്വവ്യാപിയാണ് എന്നല്ല. 5 വികാരങ്ങള്‍ പ്രവേശിച്ചതിനാല്‍ ഇതിനെ പതിതലോകമെന്നു പറയുന്നു. സത്യ ത്രേതായുഗങ്ങളെ പാവനലോകം ശിവാലയം എന്നാണ് പറയുക. കലിയുഗം വേശ്യാലയമാണ്. അതിനാല്‍ ശിവ പരമപിതാ പരമാത്മാവ് വന്ന് നവയുഗത്തിന്റെ സ്ഥാപന ചെയ്യുന്നു. അച്ഛന്‍ മനസ്സിലാക്കിത്തരുന്നു ഇപ്പോള്‍ ഉണരൂ, നവയുഗം അഥവാ സുഖധാമത്തിന്റെ സമയം ഇപ്പോള്‍ വന്നിരിക്കുന്നു. ലക്ഷ്മീ നാരായണന്മാരുടെ രാജ്യം വരുകയാണ്. ഇതാണ് രാജയോഗം. ഇത് സാധാരണ സത്സംഗമല്ല. ഒരേ ഒരു സത്സംഗമേയു

ള്ളു, ബാക്കിയുള്ളത് അസത്യമായ സംഗമാണ്, കുസംഗമാണ്. സത്യമായ സംഗം ഉയർത്തും കുസംഗം മുക്കിക്കളയും.......... സത്യമായത് ഒരേ ഒരു ബാബയാണ്. ആ ബാബയെയാണ് പതീതപാവനാ വരൂ എന്ന് വിളിച്ചത്. ബാബ തന്നെയാണ് വന്ന് നമ്മെ അരകല്പത്തിലേയ്ക്ക് പാവനമാക്കി മാറ്റുന്നത്. പിന്നീട് മായാ രാവണൻ വന്ന് അരകല്പത്തിലേയ്ക്ക് പതിതമാക്കി മാറ്റുന്നു. അച്ഛൻ തന്നെയാണ് പതീതമാക്കി മാറ്റുന്നത് എന്നല്ല. ഇപ്പോൾ രാവണരാജ്യമാണ്. ഏതുവരെ സത്യമായ ബാബ വരുന്നില്ലയോ അതുവരെ സത്സംഗമില്ല. എല്ലാം അസത്യമായ സംഗങ്ങളാണ് അഥവാ കുസംഗങ്ങൾ. നിങ്ങൾ സീതമാരാണ്, നിങ്ങൾ ഭക്തി ചെയ്യുന്നു. ഭക്തിയുടെ ഫലം ഭഗവാൻ വന്ന് നൽകും എന്നു മനസ്സിലാക്കുന്നു. എങ്കിൽ എപ്പോഴാണോ ഭക്തിയുടെ സമയം സമാപ്തമാകുന്നത് അപ്പോഴല്ലേ വരുക. അര കല്പം ജ്ഞാനത്തിന്റെ പ്രാലബ്ധവും അരകല്പം ഭക്തിയുടെ പ്രാലബ്ധവുമാണ്. ഇപ്പോൾ നിങ്ങൾ ഭഗവാന്റെ ശ്രീമതം അനുസരിച്ച് പുരുഷാർത്ഥം ചെയ്യുകയാണ്. ഭഗവാൻ ഒന്നേയുള്ളു അത് നിരാകാരനായ പരമപിതാവ് പരമാത്മാവാണ്, സർവ്വാത്മാക്കളുടേയും അച്ഛനാണ്. ബാബ വരുന്നത് സംഗമത്തിലാണ്. ദ്വാപര കലിയുഗങ്ങളെ ഭക്തി കാണ്ഡം എന്നാണ് പറയാറ്. സത്യത്രേതായുഗങ്ങളെ ജ്ഞാനകാണ്ഡം എന്നും പറയുന്നു. ജ്ഞാനസാഗരനായ പരമപിതാ പരമാത്മാവിന്റെ പക്കലാണ് ജ്ഞാനമുള്ളത്. ശാസ്ത്രങ്ങളിലുള്ള ജ്ഞാനം ഒരു ജ്ഞാനമല്ല. അഥവാ അതിൽ ജ്ഞാനമുണ്ടായിരുന്നെങ്കിൽ സദ്ഗതി ഉണ്ടാകുമായിരുന്നു. ഭാരതം വജ്രതുല്യമായിരുന്നു എന്നാൽ ഇപ്പോൾ അങ്ങനെയല്ല. വീണ്ടും അങ്ങനെയാക്കി മാറ്റുകയാണ് ബാബ. നിങ്ങൾ ഇപ്പോൾ വജ്രമായി മാറുകയാണ്. നിങ്ങളുടെ ജീവിതം വഴിതിരിയുകയാണ്. ആത്മാവ് ദൈവീകഗുണങ്ങൾ ധാരണ ചെയ്യുകയാണ്. മനുഷ്യർ വക്കീലും എഞ്ചിനീയറും ഡോക്ടറുമെല്ലാമാകുന്നുണ്ട്. പക്ഷേ മനുഷ്യനെ ദേവതയാക്കി മാറ്റുക എന്നത് ജ്ഞാനസാഗരനായ പരമപിതാ പരമാത്മാവിന്റെ കർത്തവ്യമാണ്. ബാബയെയാണ് ട്രൂത്ത് എന്നു പറയുന്നത്. ബാബയാണ് സത്യം പറഞ്ഞുതരുന്നത് അർത്ഥം സത്യഖണ്ഡത്തിന്റെ സ്ഥാപന ചെയ്യുന്നത്. ബാക്കി എല്ലാവരും അസത്യം പറയുന്നവരാണ്, അസത്യഖണ്ഡത്തെ സ്ഥാപിക്കുന്നു. രാവണന്റെ മതപ്രകാരം നടക്കുന്നു. നിങ്ങൾ ശ്രീമത്തിലൂടെ ശ്രേഷ്ഠമായി മാറുന്നു. പുതിയ യുഗത്തിൽ ഭാരതവും പുതിയതായിരുന്നു. വിശ്വത്തിന്റെ തന്നെ സർവ്വാധികാരി എന്നാണ് പറഞ്ഞിരുന്നത്. ലക്ഷ്മീ നാരായണന്മാരുടെ രാജ്യമായിരുന്നു. അവർക്ക് ഈ രാജ്യഭാഗ്യം ആരാണ് നൽകിയത്? തീർച്ചയായും സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തയാളായിരിക്കും. ഇപ്പോൾ 84 ജന്മങ്ങൾ എടുത്ത് ആ സമ്പത്ത് നഷ്ടപ്പെടുത്തി. ഇപ്പോൾ വീണ്ടും ചക്രം പൂർത്തിയാവുകയാണ്. എല്ലാവർക്കും തിരിച്ച് പോകണം. മുക്തിദായകൻ ഒരേഒരു ബാബയാണ്. അവർ തന്നെയാണ് എല്ലാവരേയും മുക്തമാക്കി കൂടെ കൊണ്ടുപോകുന്നത് അതിനാലാണ് അവരെ കാലന്റേയും കാലൻ എന്നും പറയുന്നത്. ബാബ പറയുന്നു, ഇപ്പോൾ നിങ്ങളുടെ 84 ജന്മങ്ങൾ പൂർത്തിയായിരിക്കുന്നു. ഇപ്പോൾ തിരിച്ചുപോകണം. ഈ സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന് ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് അർത്ഥം ത്രികാലദർശിയാക്കി മാറ്റുകയാണ്. മൂന്നു കാലങ്ങളുടേയും മൂന്നു ലോകങ്ങളുടേയും ജ്ഞാനം നൽകുന്നു. ബാബ പതിതപാവനനും ജ്ഞാനസാഗരനും ബീജരൂപനുമാണ്. ബാബയിൽ നിന്നാണ് സത്യഖണ്ഡത്തിന്റെ സമ്പത്ത് നിങ്ങൾക്ക് ലഭിക്കുന്നത്. ഇവിടെ നിങ്ങൾ വന്നത് പരമപിതാ പരമാത്മാവിൽ നിന്നും സമ്പത്ത് എടുക്കുന്നതിനായാണ്, അവർ തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നത്. നിങ്ങൾക്കറിയാം നമ്മൾ തന്നെയാണ് വീണ്ടും സ്വർഗ്ഗത്തിന്റെ അധികാരിയാവുക.

സത്യയുഗത്തിലെ ലക്ഷ്മീ നാരായണൻ മുതലായവരെ പറയുന്നത് ദൈവീക ധർമ്മത്തിലുള്ളവർ എന്നാണ്, ഇത് ശ്രേഷ്ഠ ധർമ്മമാണ്. അവരുടെ ധർമ്മം ശ്രേഷ്ഠമാണെങ്കിൽ കർമ്മവും ശ്രേഷ്ഠമായിരിക്കും. അവിടെ ഭ്രഷ്ടാചാരിയായി ആരുമുണ്ടാകില്ല. പിന്നീട് ദ്വാപര കലിയുഗങ്ങളിൽ ഒരു ശ്രേഷ്ഠാചാരിപോലും ഉണ്ടാകില്ല. അച്ഛനെ മറന്നതു കാരണത്താലാണ് മോശമായ ഗതി ഉണ്ടായത്. വീണ്ടും ബാബ വന്ന് പതിതത്തിൽ നിന്നും പാവനമാക്കുന്നു. ധർമ്മസ്ഥാപകർ ആരും തന്നെ പതിതത്തിൽ നിന്നും പാവനമാക്കാൻ വേണ്ടിയല്ല വരുന്നത്. പതിതപാവനൻ ഒരേ ഒരു ബാബയാണ്. ബാബയാണ് സത്യമായ ഗുരു. ബാക്കി ധർമ്മസ്ഥാപകർ വന്ന് അവരുടെ ധർമ്മം സ്ഥാപിക്കുന്നു. മുകളിൽ നിന്നും പാവനമായ ആത്മാക്കൾ വരുന്നു പിന്നീട് പതിതമാകുന്നു. ഈ സമയത്ത് എല്ലാവരും പതിതമാണ്. എല്ലാവരേയും പാവനമാക്കുക എന്നത് ബാബയുടെ തന്നെ ജോലിയാണ്. ബാബ തന്നെയാണ് പതീതപാവനൻ. ഗുരുനാനാക്കും ആ സദ്ഗുരുവിന്റെ മഹിമ പാടിയിരുന്നു. ഈ പഴയ ലോകത്തിന്റെ വിനാശത്തിനുവേണ്ടിത്തന്നെയാണ് ഈ മഹാഭാരതയുദ്ധം. ബാക്കി യുദ്ധസ്ഥലത്ത് നിങ്ങൾക്ക് ജ്ഞാനം നൽകുന്നു എന്നല്ല. ജ്ഞാനം നൽകാൻ ഏകാന്തത വേണം. 7 ദിവസം ഭട്ടിയിൽ ഇരിക്കണം. ബാക്കിയെല്ലാം ഭക്തിയുടെ സാമഗ്രികളാണ്. ഭക്തരിലും ചിലർ വളരെ തീക്ഷ്ണതയുള്ളവരായിരിക്കും. രുദ്രമാലയുള്ളതുപോലെ ഭക്തരുടെ മാലയുമുണ്ട്. അത് ഭക്തരുടെ മാലയാണ്, ഇത് ജ്ഞാനമാലയും. മനുഷ്യർ തിരിക്കുന്ന മാലയിൽ മുകളിലുള്ളത് ശിവബാബ പിന്നെയുള്ള മണികൾ യുഗൾസാണ് പിന്നീട് അവരുടെ വംശാവലികളും. രാമ രാമാ എന്നു ജപിച്ചുകൊ

ണ്ടിരിക്കുന്നു എന്തുകൊണ്ടെന്നാൽ ദുഃഖിയാണ്, രാവണ സമ്പ്രദായത്തിൽ രാമാ വന്ന് അങ്ങയുടേതാക്കി മാറ്റൂ എന്ന് പറഞ്ഞ് ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ ഈശ്വരന്റെ മടിത്തട്ടിൽ എത്തിയിരിക്കുന്നു. വാസ്തവത്തിൽ സർവ്വാത്മാക്കളും പരമപിതാ പരമാത്മാവിന്റെ സന്താനങ്ങളാണ്. മനുഷ്യ സൃഷ്ടി മുഴുവൻ പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. പ്രജാപിതാ ബ്രഹ്മാവിലൂടെ മനുഷ്യസൃഷ്ടി രചിച്ചു. ആത്മാവ് അവിനാശിയാണ്. ആത്മാക്കളുടേത് അവിനാശിയായ അച്ഛനാണ്. ഇപ്പോൾ നിങ്ങൾക്ക് രണ്ട് അച്ഛന്മാരുണ്ട് ഒന്ന് വിനാശി, രണ്ടാമത് അവിനാശി. ബ്രഹ്മാവും ശരീരം ഉപേക്ഷിക്കും. ശിവബാബയ്ക്കാണെങ്കിൽ സ്വന്തമായി ശരീരമില്ല. ബാബ ജനന മരണരഹിതനാണ്. നിങ്ങൾ കുട്ടികളാണ് ജനന മരണത്തിലേയ്ക്ക് വരുന്നത്. നിങ്ങൾ ആദിസനാതന ദേവീദേവതാ ധർമ്മത്തിലുള്ളവർക്കാണ് 84 ജന്മങ്ങളുള്ളത്. കണക്കല്ലേ. ഗുരുനാനാക്ക് വന്നിട്ട് 500 വർഷമായി. വീണ്ടും പുതിയകളി സത്യയുഗം മുതൽ തുടങ്ങും. സത്യയുഗത്തിൽ കുറച്ചുപേരേ വേണ്ടു. ബാക്കി ഇത്രയും പേർ എവിടെപ്പോകും? അവർക്ക് വേണ്ടിത്തന്നെയാണ് ഈ വൈക്കോൽ കൂനയ്ക്ക് തീ പിടിക്കുന്നത്. ഈ ബോംബുകൾ പ്രകൃതിക്ഷോഭം മുതലായവയിൽ എല്ലാം നശിക്കും. ബാക്കി ആത്മാക്കളെല്ലാം മുക്തിധാമത്തിലേയ്ക്ക് പോകും. ഇത് കണക്കെടുപ്പിന്റെ സമയമാണ്, എല്ലാവർക്കും തിരിച്ച് വീട്ടിലേയ്ക്ക് പോകണം. ഭാരതത്തെയാണ് അവിനാശീ ഖണ്ഡം എന്നു പറയുന്നത് എന്തുകൊണ്ടെന്നാൽ ഭാരതം തന്നെയാണ് അച്ഛന്റെ ജന്മദേശം. ശിവബാബ ഭാരതത്തിൽ തന്നെയാണ് വരുന്നത്. പതീതപാവനനായ അച്ഛൻ  ഇവിടെ ജന്മമെടുക്കുന്നതിനാൽ ബാക്കി എല്ലാ ധർമ്മത്തിലുള്ളവർക്കും ഭാരതം വലുതിലും വലിയ തീർത്ഥസ്ഥാനമാണ്. ഇത്രയും മഹത്വമുണ്ട് ഭാരതത്തിന്, എന്നാൽ ആ മഹത്ത്വത്തെ നഷ്ടപ്പെടുത്തി. ഇതും ഡ്രാമയിലെ കളിയാണ് ഇത് ബാബയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. ബാബ പറയുന്നു ഞാൻ തന്നെയാണ് ജ്ഞാനസാഗരൻ. ലക്ഷ്മീ നാരായണനെ ജ്ഞാനസാഗരൻ എന്നു പറയില്ല. അവരിൽ രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും ജ്ഞാനമില്ല.

ആ ജ്ഞാനം തീർച്ചയായും നിങ്ങളിലുണ്ട്. നിങ്ങൾ തന്നെയാണ് മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നത്. നിങ്ങൾ ഇവിടെ വന്നിരിക്കുന്നത് പതിതത്തിൽ നിന്നും പാവനമായി മാറി പാവനലോകത്തിന്റെ അധികാരിയായി മാറാനാണ്. ബാബ ആത്മാക്കളോടാണ് ഇരുന്ന് സംസാരിക്കുന്നത്. നിരാകാരനായ അച്ഛൻ ബ്രഹ്മാവിന്റെ ശരീരം ലോണെടുത്ത് പഠിപ്പിക്കുകയാണ്. നിങ്ങളുടെ ആത്മാവും ഈ ഓർഗൻസിലൂടെ കേൾക്കുകയാണ്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ആത്മാവ് സ്റ്റാറാണ്, അത് ഭൃകുടിയുടെ നടുവിൽ ഇരിക്കുന്നു പിന്നെ നമ്മുടെ അച്ഛൻ സുപ്രീം ആത്മാവാണ്. ആ സുപ്രീം വന്ന് നമ്മെ ബാബയ്ക്ക് സമാനം സുപ്രീമാക്കി മാറ്റി കൂടെകൊണ്ടുപോകുന്നു. എല്ലാ ആത്മാക്കളുടേയും വഴികാട്ടിയാണ്. ബാബയെത്തന്നെയാണ് ദുഃഖഹർത്താ സുഖകർത്താവെന്നു പറയുന്നത്. ദുഃഖത്തിൽ നിന്നും നിങ്ങളെ മുക്തമാക്കി കൂടെക്കൊണ്ടുപോകുന്നു. സത്യയുഗത്തിൽ ദുഃഖം ഉണ്ടാവുകയില്ല. നവയുഗത്തിന്റെ ജ്ഞാനവും പുതിയതാണ്. ഈ കാര്യങ്ങൾ ഒന്നും മനുഷ്യർ ഒരിയ്ക്കലും കേട്ടിട്ടില്ല. നല്ല മനുഷ്യരുമുണ്ട് മോശമായ മനുഷ്യരുമുണ്ട്. പക്ഷേ എല്ലാവരും പതിതമാണ് അതിനാലാണ് എല്ലാവരും ഗംഗയിൽ ചെന്ന് സ്നാനം ചെയ്ത് പാവനമാകാൻ ആഗ്രഹിക്കുന്നത്. ഗംഗയ്ക്ക് പതിതപാവനി എന്ന പേര് വെച്ചിരിക്കുന്നു. വാസ്തവത്തിൽ പതിതപാവനൻ എന്ന് അച്ഛനെയാണ് പറയുന്നത്. പതിതലോകത്തിനുശേഷം പാവനലോകത്തിന്റെ സ്ഥാപനയുണ്ടാകുന്നു. സത്യയുഗത്തെ നിർവ്വികാരീ ലോകം എന്നാണ് പറയുന്നത്. പിന്നെ അവിടെയുള്ളത് ശാന്തമായ നിരാകാരീ ലോകം. ആത്മാക്കൾ ഇവിടെ വന്ന് പാർട്ട് അഭിനയിക്കുന്നു. 84 ജന്മങ്ങളുടെ പാർട്ടാണ് ഉള്ളത്. നിങ്ങൾ ആൾറൗണ്ട് പാർട്ട് അഭിനയിക്കുന്നു. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. എല്ലാവരിലും അവരവരുടെ പാർട്ട് അവിനാശിയാണ്. അത് ഒരിയ്ക്കലും മാഞ്ഞുപോകില്ല. നിങ്ങൾ 84 ജന്മങ്ങൾ എടുത്തുകൊണ്ടിരിക്കും. ചക്രത്തിന് തുടക്കമോ അവസാനമോ ഇല്ല. ഡ്രാമ എപ്പോഴാണ് തുടങ്ങിയത് എന്ന ചോദ്യമേ ഉദിക്കുന്നില്ല. തുടക്കവുമില്ല അവസാനവുമില്ല. ആരംഭം, സത്യയുഗം സത്യമായിരുന്നു, അത് സത്യമാണ്, ഇനിയും സത്യമായിരിക്കും. ഈ ചക്രത്തെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തീ മഹാരാജാ മഹാറാണിയായി മാറുന്നു. അതിനെ സർവ്വശക്തിയുമുള്ള സർവ്വാധികാരത്തിന്റെ രാജ്യം എന്ന് പറയുന്നു, അത് സർവ്വശക്തിവാനായ അച്ഛനിൽ നിന്നാണ് ലഭിക്കുന്നത്. അച്ഛനെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് എന്ന് പറയുന്നത്. സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്ന അച്ഛൻ പറയുന്നു ഞാൻ കല്പത്തിന്റെ സംഗമയുഗത്തിൽ വന്ന് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നു. ആരാണോ പുരുഷാർത്ഥം ചെയ്യുന്നത് അവർ സത്യയുഗീ രാജധാനിയിൽ വരും. ഇത് ഒരു സാധാരണ സത്സംഗമല്ല. ഇത് ഈശ്വരീയ വിശ്വവിദ്യാലയമാണ്. ഭഗവാന്റെ വാക്കുകളല്ലേ. ഭഗവാൻ പഠിപ്പിച്ച് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു. ഞങ്ങൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുകയാണ് എന്ന് പറയുന്ന മറ്റൊരു സത്സംഗവും ഉണ്ടാകില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ പുതിയ ലോകത്തിൽ ദേവീദേവതാ പദവി നേടുന്നതിനുവേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. മനസ്സിലാക്കിക്കൊടുക്കണം രണ്ട് അച്ഛന്മാരുണ്ട്- ഒന്ന് പരിധിയില്ലാത്ത അച്ഛൻ, ഒന്ന് പരിധിയുള്ളത്. നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കും വഴി നൽകുകയാണ് സമ്പത്ത് എടുക്കൂ. ശ്രേഷ്ഠത്തിലും ശ്രേഷ്ഠനായ പരമപിതാ പരമാത്മാവിന്റെ മതപ്രകാരം നടക്കുന്നതിലൂടെ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാകും. സത്യമായത് ഒരേ ഒരു അച്ഛനാണ്. അവർ വന്ന് പഠിപ്പിക്കുകയാണ്. ഇദ്ദേഹത്തിന്റെ ഓർഗൻസിലൂടെ പറയുന്നു ബ്രഹ്മാശരീരത്തിലൂടെ ബ്രഹ്മാമുഖവംശാവലികൾക്ക് സമ്പത്ത് നൽകുന്നു. ബ്രഹ്മാവിലൂടെ നിങ്ങൾക്ക് മുത്തച്ഛന്റെ സമ്പത്ത് ലഭിക്കുന്നു. നിങ്ങൾ ആത്മാക്കളാണ്. എല്ലാവരും സഹോദരങ്ങളാണ്. എല്ലാവർക്കും ശിവബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. നിങ്ങൾക്ക് മുത്തച്ഛനിൽ നിന്നും സമ്പത്ത് ലഭിച്ചുകൊണ്ടിരിക്കുകയാണ്.

ബാബ പറയുന്നു ഞാൻ നിങ്ങളെ ക്ഷേത്രത്തിനുയോഗ്യരാക്കി മാറ്റുന്നു. നോക്കൂ മനുഷ്യരിൽ എത്ര ക്രോധമാണ്. പരസ്പരം വിനാശം ചെയ്യുന്നു. ഇത് വേശ്യാലയമാണ്. ശിവാലയം ഉണ്ടായിരുന്നു, ഇപ്പോൾ അതുപോലെ വീണ്ടും ഉണ്ടാകണം. പരമപിതാ പരമാത്മാ ശിവൻ വന്ന് ശിവാലയം ഉണ്ടാക്കുന്നു. വേശ്യാലയത്തിൽ നിന്നും മുക്തമാക്കി പിന്നീട് വഴികാട്ടിയായി മാറി എല്ലാവരേയും തിരിച്ച് ശിവാലയത്തിലേയ്ക്ക് കൊണ്ടുപോകുന്നു. എല്ലാവരും തന്റെ പഴയ ശരീരത്തിൽ നിന്നും മുക്തമായി എന്റെ കൂടെ വരും. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ദൈവീക ഗുണങ്ങളെ ധാരണ ചെയ്ത് തന്റെ ജീവിതത്തെ പരിവർത്തനപ്പെടുത്തണം. സത്യഖണ്ഡത്തിലേയ്ക്ക് പോകുന്നതിനുവേണ്ടി സത്യമായ ബാബയോട് സത്യമായിരിക്കണം.

2. ഒരേഒരു സത്യമായ ബാബയുടെ സംഗത്തിൽ ഇരിക്കണം. മനുഷ്യനിൽ നിന്നും ദേവതയാകുന്നതിനുള്ള പഠിപ്പ് നല്ലരീതിയിൽ പഠിച്ച് പരിധിയില്ലാത്ത സമ്പാദ്യം നേടണം.

### വരദാനം:- ഓരോരുത്തരുടെയും സ്വഭാവ-സംസ്കാരങ്ങളെ മനസ്സിലാക്കി കൂട്ടിമുട്ടുന്നതിന് പകരം സുരക്ഷിതരായിരിക്കുന്ന മാസ്റ്റർ നോളേജ്ഫുള്ളായി ഭവിക്കട്ടെ.

ഏതെങ്കിലും കാര്യത്തെ ചെറുതോ വലുതോ ആക്കുക- ഇത് താങ്കളുടെ ബുദ്ധിക്കനുസരിച്ചാണ്. മറ്റുള്ളവരുടെ സ്വഭാവ-സംസ്കാരത്തെ മനസ്സിലായി എങ്കിൽ നോളേജ്ഫുള്ളായിട്ടുള്ളവർ ഒരിക്കലും ആരുടെയും സ്വഭാവ-സംസ്കാരത്താൽ കൂട്ടിമുട്ടുകയില്ല. ഇവിടെ കുഴിയാണ്, ഇവിടെ കുന്നാണ് എന്ന് അറിയുന്നവർ ഒരിക്കലും കൂട്ടിമുട്ടുകയില്ല, ഓരം ചേർന്ന് പോകും. അതേപോലെ താങ്കളും ഓരം ചേർന്ന് പോകൂ അതായത് സ്വയത്തെ സുരക്ഷിതരാക്കി വെക്കൂ. ഏതെങ്കിലും ജോലിയിൽ നിന്ന് മാറി നിൽക്കുകയല്ല, മറിച്ച് തന്റെ സുരക്ഷയുടെ ശക്തിയിലൂടെ മറ്റുള്ളവരെയും സുരക്ഷിതരാക്കൂ- ഇത് തന്നെയാണ് ഓരം ചേർന്ന് പോകുക.

### സ്ലോഗൻ:- പറക്കുന്ന കലയുടെ അനുഭവം ചെയ്യണമെങ്കിൽ സദാ ഭാഗ്യത്തിന്റെയും ഭാഗ്യവിധാതാവിന്റെയും സ്മൃതിയിലിരിക്കൂ.